## പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2157 — 11/02/2020-ൽ മറുപടിയ്ക്ക്

**ക്ലറിക്കൽ അറ്റന്റർ ശ്രീ.ഷാജു.എസ്-ന്റെ ആനുകൂല്യങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ജോയി** | | **കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | കൊല്ലം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ക്ലറിക്കൽ അറ്റന്റർ ശ്രീ.ഷാജു.എസ്-ന് 01-05-18-ൽ അനുവദിച്ച ആനുപാതിക സ്ഥാന ക്കയറ്റത്തിന്റെ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 01/05/18 മുതലുള്ള സ്ഥാനക്കയറ്റത്തിന്റെ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് ടിയാൻ ഇപ്പോൾ ജോലി ചെയ്യുന്ന പാരിപ്പള്ളി മെഡിക്കൽ കോളേജിൽ നിന്നുമാണ്. എന്നാൽ ടിയാന്റെ 22.06.2015 മുതൽ 16.02.2016 വരെയുള്ള സസ്പെൻഷൻ കാലയളവ് എങ്ങനെ പരിഗണിക്കണം എന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) | ശ്രീ. ഷാജുവിന്റെ സർവ്വീസിൽ ശൂന്യവേതനാവധി ഒഴികെയുള്ള ഏതെങ്കിലും കാലയളവിൽ ശമ്പളം നൽകുവാൻപാടില്ലായെന്ന സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇല്ല. |
| (സി) | 10-ാം ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശമ്പള നിർണ്ണയം നടത്തി ശ്രീ.ഷാജുവിന് അർഹതപ്പെട്ട ശമ്പളവും കുടിശ്ശികയും നൽകാത്ത തിനുള്ള കാരണം വ്യക്തമാക്കാമോ; | (സി) & (ഡി) | പത്താം ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശമ്പള നിർണ്ണയം നടത്തി 01.07.2014 മുതൽ 31.01.2016 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക ഒഴികെയുള്ള അർഹതപ്പെട്ട പുതുക്കിയ ശമ്പളവും കുടിശ്ശികയും നൽകിയിട്ടുണ്ട്. സസ്പെൻഷൻ കാലയളവിൽ ശമ്പളത്തിന് ആനുപാതികമായിട്ടുളള സബ്സിസ്റ്റൻസ് അലവൻസ് ആണ് നൽകിയിട്ടുള്ളത്. 22.06.2015 മുതൽ 16.02.2016 വരെയുള്ള സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്ന മുറയ്ക്ക് മാത്രമേ 20.01.2016 തീയതിയിലെ ജി.ഒ (പി) നം. 7/2016/ഫിൻ പ്രകാരമുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക ടിയാൾക്ക് അനുവദിക്കാൻ കഴിയുകയുള്ളൂ. |
| (ഡി) | ശമ്പളവും കുടിശ്ശികയും അനുവദി ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ